**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3401** **01-03-2023 - ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിലെ ഡിജിറ്റൽ റീ സർവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം താലൂക്കിൽ കുട്ടമ്പുഴ ഒഴികെയുള്ള മറ്റ് വില്ലേജുകളിൽ റീസർവെ നടപടികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. കോതമംഗലം താലൂക്കിൽ ആകെയുള്ള 13 വില്ലേജുകളിൽ കുട്ടമ്പുഴ വില്ലേജിന്റെ റീസർവ്വെ ജോലികൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. സംസ്ഥാനത്ത് 2022 നവംബർ മാസം ആരംഭിച്ച ഡിജിറ്റൽ ലാൻഡ് റീസർവ്വെ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കോതമംഗലം താലൂക്കിലെ പല്ലാരിമംഗലം വില്ലേജിനെ ഉൾപ്പെടുത്തിയിട്ടുള്ളതും, സർവ്വെ ജോലികൾ ആരംഭിച്ചിട്ടുള്ളതുമാണ്. ശേഷിക്കുന്ന വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വെ പദ്ധതിയുടെ തുടർന്നുള്ള ഘട്ടങ്ങളിൽ ഉൾപ്പെടുത്തി ഡിജിറ്റൽ റീസർവ്വെ പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |
| (ബി) | സംസ്ഥാനത്ത് സർവേ നടപടികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി നടത്തിവരുന്ന ഡിജിറ്റൽ റീ സർവേയിൽ കോതമംഗലം മണ്ഡലത്തിൽ നിന്നും ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പല്ലാരിമംഗലം വില്ലേജിലെ ഡിജിറ്റൽ റീ സർവേ നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (ബി) | ഡിജിറ്റൽ സർവ്വെ പദ്ധതി സംബന്ധിച്ച നടപടികൾ നേരിട്ട് ഭൂവുടമസ്ഥരെ ബോധവൽക്കരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്പെഷ്യൽ ഗ്രാമ സഭകളായി പല്ലാരിമംഗലം വില്ലേജിലെ എല്ലാ വാർഡുകളിലും സർവ്വെ സഭകൾ കൂടി ഭൂവുടമസ്ഥർക്ക് കാര്യങ്ങൾ വിശദീകരിച്ച് നൽകിയിട്ടുള്ളതും, സർവ്വെ സമയത്ത് അവരുടെ സാന്നിദ്ധ്യം ഉറപ്പാക്കുന്നുമുണ്ട്. സർവ്വെ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് ഡിജിറ്റൽ സർവ്വെ നടക്കുന്ന വില്ലേജുകളിൽ ഒരു ക്യാമ്പ് ഓഫീസ് തുടങ്ങുകയും സർവ്വെ നടപടികൾക്ക് മേൽനോട്ടം നൽകി വരുന്നതുമാണ്.<br><br>പ്രസ്തുത വില്ലേജിന്റെ ലഭ്യമായ എല്ലാ മുൻ റിക്കാർഡുകളും സ്കാൻ ചെയ്ത് സർവ്വെ ഉദ്യോഗസ്ഥർക്ക് വേഗത്തിൽ ലഭ്യമാകും വിധം "എന്റെ ഭൂമി" എന്ന പോർട്ടലിൽ നൽകിയിട്ടുണ്ട്. 1511 ഹെക്ടർ വിസ്തൃതിയുള്ള പല്ലാരിമംഗലം വില്ലേജിന്റെ 68.3959 ഹെക്ടർ സർവ്വെ പൂർത്തിയാക്കുകയും, ശേഷിക്കുന്ന ഭാഗത്തിന്റെ സർവ്വെ ജോലികൾ സമയബന്ധിതമായി തന്നെ |

| | | | |
|---|---|---|---|
| | | | പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതുമാണ്. |
| (സി) | പല്ലാരിമംഗലം വില്ലേജിൽ ഡിജിറ്റൽ റീ സർവേ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ; | (സി) | 2022 നവംബർ മാസം ആരംഭിച്ച ഡിജിറ്റൽ ലാൻഡ് റീസർവ്വെ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ടുത്തിയിട്ടുള്ള പല്ലാരിമംഗലം വില്ലേജ് ഉൾപ്പെടെയുള്ള വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വെ ആറ് മാസം കൊണ്ട് പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്. |
| (ഡി) | ഡിജിറ്റൽ റീ സർവേയുടെ രണ്ടാംഘട്ടത്തിൽ കോതമംഗലം നിയോജകമണ്ഡലത്തിൽ നിന്നും ഏതെല്ലാം വില്ലേജുകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ഡി) | ഡിജിറ്റൽ ലാൻഡ് റീസർവ്വെ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തേണ്ട വില്ലേജുകളെ സംബന്ധിച്ച ലിസ്റ്റ് അന്തിമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഇ) | ഡിജിറ്റൽ റീ സർവേയിൽ ഉൾപ്പെടുത്തി കോതമംഗലം മണ്ഡലത്തിലെ മുഴുവൻ വില്ലേജുകളിലേയും റീ സർവേ നടപടികൾ വേഗത്തിൽ പൂർത്തീകരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഇ) | പദ്ധതിയുടെ ആദ്യത്തെ മൂന്ന് വർഷം 400 വില്ലേജുകൾ വീതവും, നാലാം വർഷം 350 വില്ലേജുകളും സർവ്വെ ചെയ്ത് ആകെ 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വെ നാല് വർഷം കൊണ്ട് പൂർത്തിയാക്കുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളതും ടി കാലയളവിനുള്ളിൽ തന്നെ കോതമംഗലം നിയോജക മണ്ഡലത്തിലെ എല്ലാ വില്ലേജുകളിലെയും റീസർവ്വെ നടപടികൾ പൂർത്തിയാക്കുന്നതിനാണ് ഡിജിറ്റൽ റീസർവ്വെ ലക്ഷ്യമിമടുന്നത്. |

സെക്ഷൻ ഓഫീസർ